# INSIGHT

An official journal of Kerala Govt. Optometrists' Association

Reg. No: 285 Issue 27 September 2017

## EDITORIAL BOARD

Chief Editor
**Leena S**

Associate Editor
**Jayakumar S**

Editor
**Ajeesh Kumar R**

Sub Editors
**Biju Kumar D**
**Gliny S**
**Deepa Varghese**
**Biju V S**
**Prameela R Nair**
**Renju N**

**Address:**
Post Box No. 5819
Mancaud P.O
Thiruvananthapuram
email:insight@keralaoptometry.org

# എഡിറ്റോറിയൽ

നമുക്കു ചുറ്റുമുള്ള പ്രകൃതിയെ സൂക്ഷ്മമായി നോക്കിയാൽ എത്ര മനോഹരമായ കാഴ്ചകളാണ് കാണാൻ കഴിയുക. ഒരു പൂ വിരിയുന്നത്.. കടുകു മണിയോളം പോന്ന മുട്ട പുഴുവായി, പ്യൂപ്പയായി പിന്നെയത് പൂമ്പാറ്റയായി മാറുന്നത്.. അങ്ങനെ എത്രയെത്ര കാഴ്ചകൾ.

ഈ പ്രകൃതിയിലേക്കുള്ള മനസ്സിന്റെ വാതായനങ്ങളാണ് കണ്ണുകൾ. മറ്റൊരാളുടെ കാഴ്ചയുടെ സംരക്ഷകർ എന്ന നിലയിൽ ഒപ്റ്റോമെട്രിസ്റ്റ് ആയ നാമോരോരുത്തരും അഭിമാനിക്കേണ്ടതാണ്. പൂക്കളുടെയും നിറങ്ങളുടെയും ആഘോഷമായ ഓണനാളുകളാണ് കടന്നുപോയത്, ഈ നിറങ്ങളും കാഴ്ചകളും മറ്റൊരാൾക്കുകൂടി പകർന്നു നൽകുക എന്ന സന്ദേശവുമായി നേത്രദാന പക്ഷാചരണവും.

കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും ഒരു അച്ഛൻ എഴുതിയ കത്ത് കഴിഞ്ഞമാസം മലയാളത്തിലെ ഒരു പ്രധാന വാരികയിൽ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നു. മകന്റെ കാഴ്ചക്കുറവ് തിരിച്ചറിയാതെ, അവൻ പഠനത്തിൽ പിന്നാക്കം പോകുന്നതിന് കാരണം ബുദ്ധിക്കുറവാണെന്ന് കരുതിയ ഒരച്ഛന്റെ ഏറ്റുപറച്ചിലുകളായിരുന്നു ആ കത്തിൽ. ഒരുപാടു നാളുകൾക്കുശേഷം കണ്ണിനു വന്ന മറ്റൊരു അസുഖത്തിനു ചികിത്സ തേടുമ്പോഴാണ് മകന്റെ കാഴ്ച വൈകല്യത്തെക്കുറിച്ച് ആ അച്ഛനറിയുന്നത്. കണ്ണടവെച്ചതിലൂടെ ആ കുട്ടിയുടെ പഠന നിലവാരം ഉയർന്നു നല്ല മാർക്കുകൾ മേടിക്കുവാൻ തുടങ്ങി.

ആരോഗ്യ വകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റുകൾ എന്ന നിലയിൽ ചിലരുടെ കാഴ്ചക്കുറവുകൾ കണ്ടെത്തി ചികിൽസിച്ചുമാറ്റുക മാത്രമല്ല, ഒരുപാട് കുട്ടികളുടെ ഭാവി ശോഭനമാക്കുക കൂടിയാണ് നാം ചെയ്യുന്നത്.

കേരള ഗവണ്മെന്റ് ഒപ്റ്റോമെട്രിസ്റ്റ് അസോസിയേഷൻ ഔദ്യോഗിക പ്രസിദ്ധീകരണമായ ഇൻസൈറ്റിന്റെ എഡിറ്റർ എന്ന നിലയിൽ എന്നിലർപ്പിച്ച വിശ്വാസത്തിനും എനിക്കു നൽകിയ പിന്തുണയ്ക്കുമെല്ലാം വാക്കുകൾക്കപ്പുറമുള്ള നന്ദി പ്രകാശിപ്പിച്ചുകൊണ്ടും തുടർന്നും നിങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊണ്ടും ഈ ലക്കം നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.

അജീഷ് കുമാർ
എഡിറ്റർ
ഇൻസൈറ്റ്.

# GOAK - STATE COMMITTEE



**Leena. S**
President



**Jayakumar. S**
Gen Secretary



**Surabalan M K**
Treasurer

### Executive Committee Members

| | | | |
|---|---|---|---|
| President | Leena S | Senior Optometrist, THQH North Paravur, EKM | 9446060717 |
| Vice-Presidents | Sujatha P V | Senior Optometrist, THQ Perumbavur, EKM | 9447817584 |
| | Jeeja P Sadasivan | Optometrist, CHC Arunoottimangalam, KTM | 9447795988 |
| General Secretary | Jayakumar S | Optometrist, CHC Pappinisseri, Kannur | 9446846129 |
| Joint Secretaries | Prasad R S | Optometrist, District Hospital, Kannur | 9447101007 |
| | Muhammed Shan | Optometrist, CHC Bedadka, Kasargode | 9995222917 |
| Treasurer | Surabalan M K | Senior Optometrist, DH Palakkad | 9400449996 |
| Auditor | Jayesh Thompson T P | Senior Optometrist, DMH Perurkada, TVM | 9446474065 |
| PRS | Arun R J | Optometrist, CHC Vandiperiyar, Idukki | 9446060730 |

### State Committee Members

| | | |
|---|---|---|
| Shaji B R | Optometrist, CHC Vizhinjam, Thiruvananthapuram | 9497640701 |
| Lovely K G | Optometrist , CHC Vallana, Pathanamthitta | 9961550451 |
| Usha Kumari K | Optometrist, TH Kundara, Kollam | 9446706575 |
| Shino M J | Optometrist, CHC Mannar, Alappuzha | 8157057575 |
| Sunila M Nair | Optometrist, CHC Kumarakom, Kottayam | 9961199696 |
| Rajani K C | Optometrist, CHC Muttom, Idukki | 9495187243 |
| Vinod Kumar P | Optometrist, CHC Pambakuda, Ernakulam | 9947817800 |
| Mani C V | Senior Optometrist, DH, Wadakkanchery, Thrissur | 9946317435 |
| Asha P Nair | Optometrist, CHC Elappulli, Palakkad | 9446313868 |
| Shibu D | Optometrist, CHC Tanur, Malappuram | 9745544516 |
| Sulu E P | Senior Optometrist, GH Kozhikode | 9562395561 |
| Sajeevan C K | Optometrist, PHC Nettoor, EKM | 9562572579 |
| Sreekala Kumari S | Optometrist, CHC Ezhome, Kannur | 9446156131 |
| Sooraj N | Optometrist, CHC Kulathoopuzha, KLM | 944668469 |

### Insight Editorial Board

| | | | |
|---|---|---|---|
| Chief Editor | Leena S | Senior Optometrist,THQH N Paravur, EKM | 9446060717 |
| Associate Editor | Jayakumar S | Optometrist, CHC Pappinisseri, Kannur | 9446846129 |
| Editor | Ajeesh Kumar R | Optometrist, THQH Nileshwar, KSD | 9745677756 |
| Sub Editors | Biju Kumar D | Optometrist, PHC Vamanapuram, TVM | 9400645799 |
| | Gliny S | Optometrist, General Hospital, EKM | 9447330550 |
| | Deepa Varghese | Optometrist, CHC Malayidamthuruthu, EKM | 8129400923 |
| | Biju V S | Netra Technician, Govt: Ayurveda College, TVM | 9847350362 |
| | Prameela R Nair | Optometrist, CHC Pandapilli, Ernnakulam | 9447609931 |
| | Renju N | Optometrist, CHC Vellangallur, Thrissur | 9497823110 |

# Presidents Voice

പ്രിയപ്പെട്ട സുഹൃത്തുക്കളെ,

കേരളത്തിലെ ഗവൺമെൻറ് ഒപ്റ്റോമെട്രിസ്റ്റുകളുടെ അംഗീകൃത സംഘടനയായ കേരള ഗവൺമെന്റ് ഒപ്റ്റോമെട്രിസ്റ്റ് അസോസിയേഷൻ സിൽവർ ജൂബിലി ആഘോഷിച്ചതിനോടൊപ്പം സമീപ കാലത്തെ ഏറ്റവും വാശിയേറിയതും ഉൽകണ്ഠാജനകവുമായ തിരഞ്ഞെടുപ്പിനുകൂടി സാക്ഷിയായി. ജനാധിപത്യ പ്രക്രീയയിൽ തിരഞ്ഞെടുപ്പുകൾ അനിവാര്യമാണ്. സംഘടനയുടെ ജനാധിപത്യമുല്യങ്ങൾ ഉയർത്തിക്കാട്ടാനും അതോടൊപ്പം സംഘടനാ സംവിധാനത്തെ ഒന്നു തൊട്ടുണർത്താനും, സംഘടനയുടെ കരുത്തുറ്റ പ്രവർത്തനത്തിനുമൊക്കെ തെരഞ്ഞെടുപ്പുകൾ ആക്കം കൂട്ടുകയേയുള്ളൂ. ഒരു നവ നേതൃത്വ നിരയെ സംഘടന സ്വാഗതം ചെയ്തു. തിരഞ്ഞെടുക്കാതെ പോയവരുടെ പ്രവർത്തന മികവിനേയും അംഗീകരിക്കണം. തിരഞ്ഞെടുപ്പുകഴിഞ്ഞാൽ നാം ഒറ്റക്കെട്ടാണെന്ന പതിവ് തുടരുക തന്നെ വേണം.

2017-18 കാലയളവിൽ സംസ്ഥാന പ്രസിഡൻറ് ആകാൻ അവസരം നൽകിയ നിങ്ങൾക്ക് ഒരോരുത്തർക്കും എൻറെ ഹൃദയം നിറഞ്ഞ നന്ദി. 25 വർഷത്തെ പ്രവർത്തനത്തിനിടയിൽ എല്ലാ വിഭാഗീയതകൾക്കുമപ്പുറം ഒപ്റ്റോമെട്രിസ്റ്റുകളെ ഏകോപിച്ചുനിർത്താൻ കേരള ഗവൺമെൻറ് ഒപ്റ്റോമെട്രിസ്റ്റ് അസോസിയേഷൻ എന്ന മഹത്തായ സംഘടനക്കു മാത്രമേ കഴിഞ്ഞിട്ടുള്ളു എന്ന ചരിത്ര സാക്ഷ്യത്തോടൊപ്പം, മുൻ കാലങ്ങളിലെന്നപോലെ ഇനിയും നമ്മുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ, സേവന വേതന അപാകതകൾ പരിഹരിക്കുന്നതിനും, പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും, പി എസ് സി വഴി നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും, റേഷ്യോ പ്രൊമോഷൻ അനുപാതം വ്യത്യാസപ്പെടുത്തുന്നതിനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തസ്തിക പുനർനാമകരണം ചെയ്യുന്നതിനും, 2018 ഓടുകൂടി ഡിപ്ലോമ കോഴ്സ്നിർത്തലാക്കി എല്ലാ മെഡിക്കൽ കോളേജുകളിലും ഡിഗ്രി അനുവദിക്കാനും, കണ്ണടകടകൾക്ക് ലൈസൻസ് നൽകുമ്പോൾ യോഗ്യരായ ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ഉറപ്പാക്കേണ്ടതിനും ഉൾപ്പടെ നമ്മുടെ മുന്നിലുള്ള കടമ്പകളെല്ലാം പുർത്തീകരിക്കുന്നതിന് ഏക മനസ്സോടെ, ഏക ശിലാ രൂപമായി കേരളത്തിലെ ഒപ്റ്റോമെട്രിസ്റ്റുകൾ നിൽക്കേണ്ടത് കാലഘട്ടത്തിൻറെ, നമ്മുടെ വിഭാഗത്തിന്റെ ആവശ്യമാണ്.

കേരള ഗവൺമെൻറ് ഒപ്റ്റോമെട്രിസ്റ്റ് അസോസിയേഷൻ എന്ന മഹത്തായ സംഘടനയുടെ മുല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് സർക്കാർ ഒപ്റ്റോമെട്രിസ്റ്റുകളുടെ ആവശ്യങ്ങൾ നടപ്പാക്കണം എന്ന് കാലങ്ങളായി നാം ആവശ്യപ്പെടാറുള്ള പുതിയ തസ്തികൾ സൃഷ്ടിക്കുക, പ്രൊമോഷൻ, അന്യായമായ പൊതു സ്ഥലം മാറ്റ ഉത്തരവുകൾ നടപ്പാക്കാതിരിക്കുക. (സത്യവും നീതിയും സമയത്തിനു നടപ്പാക്കണം) എന്നിവ പ്രാബല്യത്തിലാക്കാൻ അങ്ങേയറ്റം ശ്രമിക്കുന്നതാണ്.

വികലമായ സ്ഥലം മാറ്റ ഉത്തരവ് അംഗങ്ങളെ ചൊടിപ്പിച്ചിരിക്കണം. സ്ഥലംമാറ്റം കൃത്യ സമയത്തു നൽകാത്ത, നിഷ്ക്രിയമായ സർക്കാർ മെഷിനറിയുടെ പ്രവർത്തനം വിമർശനീയം തന്നെ. വരും വർഷങ്ങളിൽ ഇവ ആവർത്തിക്കാതിരിക്കാൻ സംഘടന ശ്രമിക്കുന്നതാണ്.

2017-18 ലെ സംഘടനയുടെ ഭാരവാഹിത്വം ഏറ്റെടുത്തിട്ട് ഏകദേശം ഏഴുമാസക്കാലമായി. ഈ കാലയളവിൽ സംഘടന ഏറ്റെടുത്ത് നടത്തിയ പദ്ധതികളായ

ലോക ഒപ്റ്റോമെട്രി ദിനാചരണം 2017 മാർച്ച് 23 സംസ്ഥാനതല ഉൽഘാടനം, എറണാകുളം ജില്ലയിലെ ആലുവ റെയിൽവേ സ്റ്റേഷനിൽ രാവിലെ 9 മണിമുതൽ വൈകിട്ട് 7.30 വരെ DMO, DPO, ജില്ലാ മൊബൈൽ ഐ യൂണിറ്റ് എന്നിവരുടെ നേതൃത്വത്തിൽ നേത്ര പരിശോധനാ ക്യാമ്പ്, Eye Health Education Exhibition, ആലുവ കീഴമാട് അന്ധവിദ്യാലയത്തിലെ കുട്ടികൾക്ക് പഠനോപകരണം (Angel Dasiy Player, Baby violin- Donated by Optomterists, Ekm) വിതരണവും, ഏതൊരാളേയും കരളയിപ്പിക്കുന്ന കുരുന്നുകളുടെ കലാപരിപാടികളും തുടർന്ന്

എല്ലാവരും പങ്കെടുത്ത ദീപക്കാഴ്ച്ചയും WOD യോട് അനുബന്ധിച്ച് മറ്റൊരു വേദിയിൽ എറണാകുളം ജില്ല കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ നേത്ര പരിശോധന ക്യാമ്പ് (എറണാകുളം ഹൈകോടതിയിലെ ജഡ്ജിമാർക്കും 1500റോളം മറ്റ് ജീവനക്കാർക്കും) സംഘടിപ്പിച്ച ജില്ലയിലെ ഒപ്റ്റോമെട്രിസ്റ്റുമാരുടെ സേവനം പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

തൃശ്ശൂർ ജില്ലാ ഒഫ്ത്താൽമിക് കോർഡിനേറ്റർ ശ്രീ സത്യനേശൻ അവർകളുടെ പ്രത്യേക താൽപ്പര്യത്തിലും മേൽനോട്ടത്തിലും ഒരു ദിവസം 3 സ്ഥലങ്ങളിൽ (juvanile home, old age home & Prathyasha Bhavan) നടത്തിയ നേത്ര പരിശോധനാ ക്യാമ്പ്, കണ്ണട വിതരണം, അന്നദാനം, വസ്ത്ര വിതരണം (Donated by Optomterists, TCR) മുതലായ ജീവ കാരുണ്യ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ്.

കേരളത്തിലെ 14 ജില്ലകളിലെ DPO മാരുടേയും ജില്ലാ മൊബൈൽ യൂണിറ്റിൻറെയും എല്ലാ ഒപ്റ്റോമെട്രിസ്റ്റുകളുടേയും പൂർണ്ണ പിന്തുണയും സഹകരണവും കൊണ്ട് മാർച്ച് 23 തികച്ചും നമ്മുടെ മാത്രം ദിനമായി മാറി. കഴിഞ്ഞ രണ്ടു വർഷക്കാലമായി WOD കേരളത്തിലുടനീളം വിപുലമായി ആചരിക്കുന്നതിനാൽ പൊതു ജനങ്ങളിലും, മേലധികാരികളുടെ മുന്നിലും മാധ്യമങ്ങളിലും ഒപ്റ്റോമെട്രിസ്റ്റുകൾ എന്നാൽ ആരോഗ്യ വകുപ്പിലെ 'അനിവാര്യമായ ഒരു വിഭാഗം നേത്ര പരിശോധകർ' ആയി മാറി എന്ന സത്യം നമ്മുടെ ചരിത്ര നേട്ടങ്ങളിൽ ഒന്നാണ്.

2017 മെയ് മാസത്തിൽ ഇടുക്കി ജില്ലയിലെ ആദിവാസി മേഖലയായ ഇടമലക്കുടി പഞ്ചായത്തിലെ 28 കുടികളിൽ കേരളത്തിലെ 25 ഓളം വരുന്ന ഒപ്റ്റൊമെട്രിസ്റ്റ് സുഹൃത്തുക്കൾ (4 ധീര വനിതകൾ ഉൾപ്പടെ) നീണ്ട 5 ദിവസം കാൽനടയായി പോയി സേവനം അനുഷ്ഠിച്ച് തിരികെ എത്തിയ ചരിത്രം കേരളത്തിലെ ഒപ്റ്റോമെട്രിസ്റ്റുകൾക്കും നമ്മുടെ സംഘടനക്കും എക്കാലവും അഭിമാനിക്കാവുന്നതും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നതുമാണ്. ഇടമലക്കുടിയിൽ സ്പോൺസർ ചെയ്ത കണ്ണട വിതരണം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറിൻറെ സൗകര്യാർഥം PRS അരുൺ.ആർ.ജെ യുടെ നേതൃത്വത്തിൽ നൽകുന്നതാണ്.

സംഘടന ഏറ്റെടുത്ത പദ്ധതികൾ എല്ലാം സമയബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞത് അംഗങ്ങളുടെ പ്രത്യേക സഹകരണവും, പിന്തുണയും പ്രാർഥനയും ഒന്നുകൊണ്ട് മാത്രമാണ്.

ജനറൽ ട്രാൻസ്ഫർ കരട് ഇറങ്ങിയപ്പോൾ അപാകതകൾ ചൂണ്ടിക്കാട്ടി സംഘടന DHS, ADHS (Medical), ADHS (Ophthalmic Cell) എന്നിവർക്ക് റപ്രസെന്റേഷൻ നൽകുകയുണ്ടായി.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ തസ്തിക പുനർനാമകരണത്തിന് സംഘടന ഇടപെടുകയുണ്ടായി, ആയതിന്മേലുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്

2018 ഓടുകൂടി ഡിപ്ലോമ നിർത്തലാക്കി എല്ലാ മെഡിക്കൽ കോളേജുകളിലും ഡിഗ്രി കോഴ്സ് ആരംഭിക്കാൻ സംഘടന വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

യോഗ്യരായ ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ഉണ്ടെങ്കിൽ മാത്രം കണ്ണട കടകൾക്ക് ലൈസൻസ് നൽകിയാൽ മതി എന്ന് 2015 ൽ സംഘടന റപ്രസെന്റേഷൻ കൊടുത്തതിനെ അടിസ്ഥാനമാക്കി തുടർ നടപടികൾ നടത്തിയതിന്റെ ഫലമായി DHSൽ നിന്നും അനുയോജ്യമായ മറുപടി ഗവൺമെൻറിന് നൽകിയിട്ടുണ്ട്.

യുജിസി അംഗീകരിച്ച BSc ഒപ്റ്റോമെട്രി കോഴ്സ് പുനർ നാമകരണം ചെയ്ത് ബി.ഒപ്റ്റോം എന്നാക്കാൻ സംഘടന വീണ്ടും നിവേദനം കൊടുത്തതിന്റെ ഫലമായി RIO സൂപ്രണ്ടിനോട് ഗവൺമെൻറ് വിശദീകരണം ചോദിക്കുകയും അനുകൂല മറുപടി സൂപ്രണ്ട് നൽകുകയും ചെയ്തു.

ഈ കഴിഞ്ഞ ഏഴുമാസക്കാലം എന്നോട് സഹകരിക്കുകയും എനിക്കു നേർവഴി കാട്ടിത്തരികയും ചെയ്ത എല്ലാ അംഗങ്ങൾക്കും, മുതിർന്ന നേതാക്കൾക്കും, സ്റ്റേറ്റ്, ജില്ലാ ഭാരവാഹികൾക്കും മറ്റെല്ലാവർക്കും എന്റെ ഹൃദയംഗമായ നന്ദി അറിയിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു. നിങ്ങളെന്നിലർപ്പിച്ച വിശ്വാസവും പിന്തുണയും തുടർന്നും പ്രതീക്ഷിക്കുന്നു. നിങ്ങളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും അറിയിക്കാൻ മറക്കരുത്. ജി.ഒ.എ.കെ യുടെ ഒരു എളിയ പ്രവർത്തകയായി നിങ്ങൾക്കൊപ്പം നിലകൊള്ളുമെന്ന ദൃഢനിശ്ചയം എടുത്ത് തൽക്കാലം ചുരുക്കുന്നു.

എന്ന്,
**ലീന.എസ്**
സ്റ്റേറ്റ് പ്രസിഡന്റ്

# From The Secretary's Desk

പ്രിയ സുഹൃത്തുക്കളെ,

കേരള ഗവണ്മെന്റ് ഒപ്റ്റോമെട്രിസ്റ്റ് അസോസിയേഷന്റെ പുതിയ ഭരണസമിതി അധികാരമേറ്റ ശേഷം സംസ്ഥാനത്തെ ഗവണ്മെന്റ് ആശുപത്രികളിൽ ജോലി ചെയ്യുന്ന ഒപ്റ്റോമെട്രിസ്റ്റുകളുടെ ഉന്നമനത്തിനുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനിക്കുന്നു. മുടങ്ങിക്കിടന്ന പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്താനും നടപ്പിലാക്കാനും സംഘടനയുടെ ഇടപെടൽ നിമിത്തം കഴിഞ്ഞു. ഇതിൽ പത്ര മാധ്യമങ്ങൾ നൽകിയ പങ്ക് ചാരിതാർഥ്യത്തോടെ സ്മരിക്കുന്നു. ജനറൽ ട്രാൻസ്ഫർ നടത്തിയെടുക്കുന്നതിനും സംഘടന അക്ഷീണമായി പ്രവർത്തിച്ച വസ്തുത നിങ്ങൾക്ക് ബോധ്യമാണെന്ന് ഞങ്ങൾ കരുതുന്നു. ജനറൽ ട്രാൻസ്ഫറിൽ ഗുരുതരമായ പിഴവുകൾ കടന്നുകൂടിയിട്ടുണ്ട്. ഇക്കാര്യം ഡിഎച്ചെസിന്റെയും ഗവണ്മെന്റിന്റെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

തസ്തിക നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ നിരവധി തവണ ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിക്കുകയും 60 തസ്തിക സൃഷ്ടിക്കാമെന്ന് മന്ത്രി ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയിൽ അന്ധതാ നിവാരണ പ്രവർത്തനം ഉൾക്കൊള്ളിക്കാൻ സംഘടനയുടെ അവസരോചിതമായ ഇടപെടൽ നിമിത്തം നമുക്കു കഴിഞ്ഞിട്ടുണ്ട്. ഒരു വർഷം ഏഴ് തസ്തിക വെച്ച് മൂന്നു വർഷം കൊണ്ട് 21 തസ്തിക സൃഷ്ടിക്കാമെന്ന് രേഖാമൂലം ഉറപ്പുലഭിച്ചു.

സംഘടനയുടെ സാമൂഹ്യ പ്രവർത്തനത്തിന്റെ ഭാഗമായി ഇടമലക്കുടി ആദിവാസി കോളനിയിൽ സംഘടിപ്പിച്ച ക്യാമ്പ് വൻ വിജയമായിരുന്നു. കഷ്ടതകൾ സഹിച്ചു ക്യാമ്പിൽ പങ്കെടുത്ത ഒപ്റ്റോമെട്രിസ്റ്റുകളെ ഞാൻ അഭിനന്ദിക്കുന്നു. ഇത്തരം ക്യാമ്പുകൾ ഒപ്റ്റോമെട്രിസ്റ്റ് എന്ന തസ്തികയുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ലോക ഒപ്റ്റോമെട്രി ദിനവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും നടത്തിയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും ഒരു സർവ്വീസ് സംഘടനക്ക് സമൂഹത്തിൽ എന്തെല്ലാം ചെയ്യാമെന്ന് പൊതു സമൂഹത്തിനു ബോധ്യപ്പെടുത്തിക്കൊടുത്തിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പിന്റെ സഹകരണം പ്രശംസനീയമാണ്. ഇതിനോടനുബന്ധിച്ച് എറണാകുളം ഹൈക്കോടതിയിൽ നടത്തിയ ക്യാമ്പും വൻ വിജയമായിരുന്നു. ഇതിന്റെയെല്ലാം വിശദ വിവരങ്ങൾ എൻ.പി.സി.ബി യെ അറിയിച്ചിട്ടുണ്ട്.

സംഘടനയുടെ എല്ലാ പ്രവർത്തനങ്ങൾക്കും നിങ്ങൾ നൽകുന്ന പിന്തുണയ്ക്കും സഹായങ്ങൾക്കും നന്ദി അറിയിക്കുന്നു.

സസ്നേഹം,
**ജയകുമാർ.എസ്**
ജനറൽ സെക്രട്ടറി, ജി.ഓ.എ.കെ

# REPORT
# WORLD OPTOMETRY DAY
## 23rd MARCH 2017

Eye is one of the greatest gifts of God to the mankind. We all are obliged to care and protect this noble gift, with which we could see and enjoy the colourful world around us.

An Optometrist plays a crucial role in enhancing and protecting a persons vision. World Council of Optometry defines OPTOMETRIST as a primary health care practitioner of the eye and visual system, who provides comprehensive eye and vision care, which includes refraction and dispensing, detection / diagnosis of diseases of the eye and the rehabilitation of conditions of the visual system. Uncorrected refractive errors and cataract are overwhelmingly the leading causes of avoidable blindness throughout the world. Optometrist plays valuable role in tackling them,

March 23rd is marked as the World Optometry Day to create awareness among public about eye care and Optometry as a profession. Kerala Government

Optometrists Association is an organisation of the primary eye care professionals, who play an integral part of the eye care activities in Kerala. On this occasion of World Optometry Day, we are trying to help the people have a better world through our motto "VISION OUR MISSION". With an inspiring figure of the smiling face of a child who sees the world clearly with his first pair of spectacles, the entire eye care community with the support of Government system, went among the people of varied walks of life.

At the request of Kerala Government Optometrists Association, the honourable Director of Health Services, Dr. Ramesh considered the matter in detail and forwarded the request for further action. The Deputy Director of Health Services & State Programme Officer (NPCB), Dr. Krishna Kumar wholeheartedly supported the programme and took immediate action by providing the services of all District Mobile Eye Units and all Optometrists in Health Services Department for its Successful implementation. As in many other occasions, the encouragement received from the State Programme Officer for the socially committed activities of GOAK is worth mentioning. Thus with the co-operation and full support of the Government machinery, variety of programmes were organised in different districts of the state. GOAK is gratefull to Indian Optometrists Association, Kerala & Optometrists Society, Kerala for the guidance and support offered. Members of these organisations actively participated in the eye camps.

Eye care campaigns were organised for providing excellent and comprehensive eye care and its level of access to the patients. Special attention were given to fishermen, inmates of old age homes, tribal settlements, leprosy sanatoriums, juvenile homes and blind schools, to whom eye care continues to be inaccessible. Free spectacles and medicines were provided and facilities were arranged for free cataract surgery at major hospitals. Awareness programmes regarding eye care were arranged by conducting exhibitions, use of banners, posters, slide shows and video presentations. It was truly an eye opener, regarding the value of Optometry, a key eye care profession, to its practitioners and its beneficiaries.

The inaugural function of state-wide programmes of World Optometry Day organised at different parts of all districts of Kerala, was held at Aluva Railway Station in Ernakulam District. A full day function with different programs was arranged at the railway station on 23/03/2017. The programme was followed by a mega camp on 11/04/2017 at the Kerala High Court, Ernakulam for the entire staff and their families.

On 23rd March, Eye Camp, awareness class, exhibition, cultural programmes and lamp lighting were arranged at Aluva railway station. The inaugural function was presided over by Smt. S Leena, President, GOAK and was inaugurated by Dr. V Jayasree, Dy DMO. The eye camp was led by Dr. Jumaila and Dr. Neena and all Optometrists from Ernakulam District. More than 275 patients were examined and advised with spectacles, medicines and cataract surgery.

In the evening, the valedictory fuction was presided over by Dr. V Jayasree, Dy DMO and was inaugurated by Dr. N K Kuttappan, DMO, Ernakulam. Angel Daisy Player & Baby Violin, sponsored by GOAK was presented to the authorities of the Blind School, Keezhmadu. The talented students of the school, feasted the audience with their cultural programs and attracted the entire people in and around the venue. At the end of the day, Deepakaazhcha, to symbolise enlighting those in the darkness, lamp lighting was done by Optometrists.

On 11/04/2017, a mega camp was organised by GOAK joining hands with Kerala High Court Employees Welfare Scheme, with the support of District Health & Family Welfare Society (Blindness Control), Ernakulam and District Mobile Eye Unit, Ernakulam. Judges, Lawyers, High Court employees and their

families attended the camp. 8 Ophthalmologists and all Optometrists of Ernakulam District examined the patients. District Medical Officer, Dr. N K Kuttappan and Dy DMO, Dr. V Jayasree were present at the occasion.

**District Level Observations**

The eye care programmes organised in connection with World Optometry Day in Thiruvananthapuram was targeted at the tribal population of Puravimala near Amboori. 91 patients attended the camp and among them 5 cataract and 2 diabetic retinopathy cases were diagnosed. 52 patients were prescribed spectacles.

In Kollam District, an eye camp was organised at the Fisherman Community Development Office, Pallithottam.In the eye camp, 137 patients from coastal areas were examined and 70 patients were screened for glaucoma. 25 patients were detected with cataract and 70 patients were supplied with free spectacles.

In Pathanamthitta The eye care programme was arranged at Santhwanam Charitable Trust, Mathoor, Omalloor.Total 54 patients were examined. 26 spectacles were prescribed. 8 cataract cases were detected and 4 of them underwent surgery later.

In Alappuzha District on WOD, an eye camp was conducted for the tribal population of Peringelipuram SC Colony. 110 patients were benefitted by the camp. 45 were Prescribed for spectacles and 6 cataract and 3 glaucoma cases were detected and referred to higher centres for expert management. Another camp was arranged for the lepers at Nooranad Leprosy Sanatorium and 9 were detected with cataract.

In Kottayam, an eye camp, awareness class and distribution of spectacles were conducted at Abhayabhavan Old Age Home, Kanjirappalli, Kottayam. 40 patients were examined, among which 4 cataract and 12 defective vision was detected and correction given. Another eye camp was organised at CHC Karukachal. 147 patients were examined and 10 cataract & 92 refractive errors were detected. Glaucoma screening was done for 10 patients.

In Idukki WOD observation was arranged at Plakkathadom Tribal Settlement, Peerumedu, Idukki. More than 5 kms inside the forest and only accessible by walk, the people there are hardly getting any eye care facilities. It was a real challenge for the team to reach the settlement negotiating the steep gradients.

In Thrissur District, eye camps were arranged at Prathyashabhavan, Juvenile Home and Old age home at Ramavarmapuram. Dr. Rajendran made a talk on the subject – Relationship between Ophthalmologist and Optometrist. Food, dress and study materials, sponsored by the Optometrists were supplied to the inmates. Total patients 102, 12 prescriptions given.

In Palakkad district eye camp was conducted with the support of tele-ophthalmology unit – Nayanapadham for the screening of Diabetic Retinopathy. Conducted camp at KAP 2nd battalian Muttikkulangara, Eye camps were conducted and free spects provided for the inmates of Snehs Jwala Old age home and the home for Disabled distitutes at Koduvayur. 110 patients were examined, among which 16 cataract cases detected. 41 spectacles were prescribed and 31 tele-consultations done.

In Malappuram An eye care programme was arranged for the inmates of Old Age Home, Thavanoor. 40 patients were benefited by the programme. 26 spectacles prescribed.

On the World Optometry Day, in Kozhikode, eye camps were organised at five tribal settlements of Muthukadu. The Mobile Ophthalmic team camped at the main centre and four teams of Optometrists screened patients in four colonies and referred them to the main centre. 50 patients were advised with spectacles, 12 for cataract surgery and others were provided medicines. For cataract patients, counselling was given, free transportation facilities and service of volunteers were made available.

Two programmes were organised in Wayanad District in connection with WOD. An eye camp was organised at Mullakolli Sasimala BUDS Rehabilitation centre. 15 patients were examined in the camp and 6 were prescribed spectacles. Another camp was arranged at BUDS rehabilitation centre, Munderi, Kalpetta. Total 41 patients were examined in the camp and 9 were prescribed spectacles.

In Kannur, the WOD programme was organised at New Bus Stand, Thavakkara, Kannur. Wide publicity was given through all news papers, All India Radio and posters, banners & bit notices. The District Mobile Ophthalmic Unit led an eye camp in which 225 patients were examined, 165 were prescribed with spectacles and 6 patients were advised cataract surgery.

In Kasargod District, eye care programme was organised at Nariyattupunna Tribal Colony at Karivedakam in Kuttikkol Grama Panchayath. Among the 80 patients examined, 6 were detected with mature cataract. 25 spectacles were prescribed.

GOAK collected prescriptions from all the districts and provided spectacles at free of cost. Thus GOAK could help the needy population from different walks of life to preserve their precious eye sight. And the observance of World Optometry day enabled to have a wide awareness among common public about care and optometry as a key eye care profession.

Report consolidated and prepared by :
**P V Sujatha**
Sr. Optometrist, District Hospital, Palakkad

# Photo Gallery

## World Optometry Day Celebrations 2017








































ചെറുകഥ

**ഷിബു.ജി.ഡേവിഡ്**
ഒപ്റ്റോമെട്രിസ്റ്റ്
സി എച്ച് സി പെരിയ

# പ്രതീക്ഷ

ഒരു തിങ്കളാഴ്ച ദിവസം, രാവിലെ മണിപ്പത് മണിയോടടുക്കുന്നു; ബസ്സ്റ്റാന്റിലെ കടകളൊക്കെ തുറന്നു; തിരക്കായിക്കഴിഞ്ഞിരിക്കുന്നു. ഒരു ബസ് വന്നു നിന്നു.അതിൽ കയറാനായി നീലയും വെള്ളയും കലർന്ന ചുരിദാറണിഞ്ഞ ഒരു പെൺകുട്ടി ഓടി വരുന്നു. ആ കാഴ്ച ഉള്ളിലെ നൊമ്പരപ്പെടുത്തുന്ന ഓർമകളെ തിരികെ വിളിച്ചു.

മാസങ്ങൾക്കുമുൻപ്-അന്നൊരു തെളിഞ്ഞ പ്രഭാതമായിരുന്നു.ബസ്സ്റ്റാന്റിന് പുറത്തുള്ള റോഡരികിൽ ഉത്സാഹത്തോടെ ലോട്ടറി ടിക്കറ്റുകൾ നീട്ടിപിടിച്ച്, ഓരോ വ്യക്തിയുടെയും മുമ്പിൽ എന്റെ നിത്യവൃത്തിക്കായി പ്രയത്നിച്ചുകൊണ്ടിരിക്കെ,ബസ്സ്റ്റാന്റിലേക്ക് കയറാൻ വന്ന ബസ്സിനെ മറികടക്കാൻ ധൃതികാണിച്ച ഒരു കാർ ബസ്സ് സ്റ്റാന്റിലേക്ക് കടക്കാനായി വന്നിരുന്നവരുടെ കൂട്ടത്തിൽ ഒരു പെൺകുട്ടിയെ ഇടിച്ചിട്ടു. ആളുകൾ ഓടിക്കൂടി, നിലവിളി,ബഹളം കാറുകാരനെതിരെ ആക്രോശം. ഞാൻ ഓടിച്ചെന്ന് പണിപ്പെട്ട് ആളുകളെ വകഞ്ഞുമാറ്റി ആൾക്കൂട്ടത്തിന്റെ ഉള്ളിൽ കയറി.രക്തം ഒഴുകിത്തുടങ്ങി, മുറിവ് കൈയിൽ മാത്രമല്ല തലയിലും ഉണ്ടെന്ന് തോന്നുന്നു. അനക്കമില്ലല്ലോ! 'ഞാൻ പറഞ്ഞു' 'ബോധം പോയിട്ടുണ്ടാവും' ഒരാൾ മറുപടി തന്നു 'കോളേജിലേക്ക് പോകാൻ വരുമ്പോൾ എന്നും കാണാറുള്ള കുട്ടിയാ' കൂട്ടത്തിൽ ഒരു സ്ത്രീ പ്രതിവചിച്ചു. 'ഇങ്ങനെ നിന്നാൽ മതിയോ ആശുപത്രിയിൽ കൊണ്ടുപോകണ്ടേ! ഒരു വണ്ടി പിടിക്കൂ' ഞാൻ ഉറക്കെ പറഞ്ഞു. വണ്ടിയിൽ ആ പെൺകുട്ടിയെ കയറ്റിയിട്ട് കൂടെയാരുപോകും എന്ന ഭാവത്തിൽ എല്ലാവരും തമ്മിൽ തമ്മിൽ നോക്കുന്നു. ഇന്നത്തെ ദിവസം നഷ്ടപ്പെടുമോ എന്ന ഭയത്താലാവണം എല്ലാവരും പിന്തിരിയുന്നത്. എന്റെ പെങ്ങൾക്കായിരുന്നു ഈ ഗതിയെങ്കിലോ എന്നോർത്തപ്പോൾ ഞാൻ കൂടെ കയറി. ആശുപത്രിയിലേക്കുള്ള വഴിമധ്യേയാണ് ആ പെൺകുട്ടിയെ ശരിക്കും ശ്രദ്ധിക്കുന്നത്. നീലയും വെള്ളയും ഇടകലർന്ന ചുരിദാറായിരുന്നു വേഷം. ഭംഗിയുള്ള ആ മുഖത്ത് റോഡുവക്കിലെ അഴുക്കും,രക്തവും കലർന്ന് ഇരുണ്ട കല തീർത്തിരിക്കുന്നു. ഈ മുഖം ഞാൻ പലപ്പോഴും കണ്ടതാണ്, പക്ഷെ ഒരിക്കൽ പോലും എന്നെ നോക്കി ഈ മുഖം വിടർന്നിട്ടില്ല.

അല്ലെങ്കിലും എന്റെ മുഖം കണ്ട് വിടരുന്ന മുഖങ്ങൾ വളരെ വിരളമാണ്. ഇടത്തെ കണ്ണിന്റെ കാഴ്ച നിഴൽ പോലെ മാത്രം, ഒന്നും വ്യക്തമല്ല. കണ്ണിൽ വെളുത്ത പാടുമുണ്ട്. ചെറുപ്പത്തിൽ കൂട്ടുകാരുമായി കളിച്ചുകൊണ്ടിരിക്കുമ്പോൾ അബദ്ധത്തിൽ കമ്പ് കൊണ്ടതാണ്.ചികിത്സയൊക്കെ ചെയ്തിരുന്നു, പക്ഷേ നിർഭാഗ്യം എന്റെ കൂടെത്തന്നെ നിന്നു. വലത്തേ കണ്ണിന് കാഴ്ച കുറവുണ്ട്. കണ്ണട വെച്ച് കുറെ നന്നായി കാണാം. വിവാഹാലോചനകളെല്ലാം മുടങ്ങുമ്പോഴും നിരാശ തോന്നിയിട്ടില്ല. മാർദ്ദവമെത്തയും, വെള്ളിപാത്രങ്ങളും അനുഭവിക്കുന്നവരും ആഗ്രഹിക്കുന്നവരും ജീവിതത്തിന്റെ പരുക്കൻ മുഖങ്ങൾ നേരിടുന്നവരുടെ മനോവ്യാപാരങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടായിരിക്കും

ഞാൻ താങ്ങിപ്പിടിച്ചിരുന്ന ശരീരത്തിന് ചൂടുണ്ടായിരുന്നു. അവളുടെ രക്തം എന്റെ ഉടുപ്പിലും പുരണ്ടിരുന്നു. ഞാൻ പ്രാർത്ഥിച്ചു 'ദൈവമേ ഈ പെൺകുട്ടി അപകടനില തരണംചെയ്ത്, കുറവുകളൊന്നുമില്ലാതെ ആരോഗ്യത്തോടെ തിരികെ വരണമേ' എന്ന് മനസ്സ് പൊട്ടുന്നൊരു ചിത്രം മെനഞ്ഞുണ്ടാക്കി. ഞാൻ ബസ്സ്സ്റ്റാന്റിൽ നിൽക്കുമ്പോൾ വിടർന്ന മുഖവുമായി എന്റെ അടുത്ത് ഓടിയെത്തുന്നവളോട് ഞാൻ പറയും 'രക്തം പുരണ്ട ഉടുപ്പ് കളയാതെ സൂക്ഷിച്ചിട്ടുണ്ട്'. നന്ദിയുടെ നനവ് ബാഷ്പീകരിച്ച കണ്ണുകളിലേക്ക് നോക്കി ഒരു ലോട്ടറി ടിക്കറ്റ് എടുത്ത് നീട്ടും, അതു വാങ്ങിയിട്ട് അവൾ പറയും 'കാശ് ഞാനിപ്പോ തരില്ല. പിന്നെ തരാം'.

ആശുപത്രിയിൽ അവളുടെ ബന്ധുക്കളും പ്രിയപ്പെട്ടവരും എത്തി. പെയ്യാതെ കറുത്തിരുണ്ട് നിൽക്കുന്ന മഴമേഘം പോലെ കരച്ചിൽ ഘനീഭവിച്ച മുഖവുമായിരിക്കുന്നവരുടെ ഇടയിൽ നിന്നും പതിയെ പുറത്തേക്കിറങ്ങി. വൈകുന്നേരം വിവരങ്ങളറിയാൻ വീണ്ടും ആശുപത്രിയിലെത്തി. കണ്ണീരിൽ കുതിർന്ന മുഖങ്ങളിൽ പലതും പോയിക്കഴിഞ്ഞു. അവളുടെ സഹോദരനെ രാവിലെ കണ്ട് മുഖപരിചയമുണ്ട്. ആശുപത്രിയിൽ കൊണ്ടെത്തിച്ചതിന് നന്ദിയും പറഞ്ഞിരുന്നു. അയാളെ വീണ്ടും കണ്ടപ്പോൾ തിടുക്കിട്ട് പോവുകയായിരുന്നു. വിളിച്ചു, കേട്ടില്ല. പിറകെ ചെന്ന് പിടിച്ചുനിർത്തി ചോദിച്ചു 'എങ്ങനെയുണ്ട്' മറുപടി എന്റെ ചെവിയിലൂടെ ഹൃദയത്തിൽ തുളച്ചുകയറി. അവൾ പോയി ഒന്നും മിണ്ടാതെ, ഉച്ചകഴിഞ്ഞപ്പോൾ. വിഷാദമൂകനായി പ്രത്യാശയുടെ മേൽക്കൂരയിൽ വീണ് പുറത്തേക്കിറങ്ങി. പെട്ടെന്നാണ് ഓർമ്മ വന്നത് അന്നൊരിക്കൽ ഡോക്ടർ പറഞ്ഞിരുന്നു– നിന്റെ ഇടത്തേകണ്ണ് മാറ്റിവെച്ചാൽ ഇപ്പോഴത്തേതിനെക്കാൾ കാഴ്ചയും കിട്ടും, വൈരൂപ്യവും മാറികിട്ടും. അവളുടെ കണ്ണുകൾ എനിക്ക് പ്രയോജനപ്പെടില്ലേ? ആ കണ്ണുകളിലൊന്ന് എന്നിലൂടെ ലോകം കാണുമ്പോൾ അവളുടെ ആത്മാവ് സന്തോഷിക്കില്ലേ? ഉടനെ തിരിച്ചുകയറി. ആരോട് അന്വേഷിക്കണമെന്നറിയില്ല. പരിചയമുള്ള ഒരു നേഴ്സ് ഡ്യൂട്ടികഴിഞ്ഞ് പുറത്തേക്ക് വരുന്നു; അവരോട് ചോദിച്ചറിയാം. കാര്യങ്ങൾ പറഞ്ഞപ്പോൾ അവർ ഉടനെ തിരികെ അകത്തേക്കുപോയി. അല്പസമയത്തിനുശേഷം മടങ്ങിവന്നു എന്നിട്ട് പറഞ്ഞു. 'സാരമില്ല വിഷമിക്കേണ്ട' അപകടത്തിൽ പെട്ട പെൺകുട്ടിയുടെ കണ്ണുകളെടുക്കുന്നതിനെകുറിച്ച് അവളുടെ ബന്ധുക്കൾ ഡോക്ടറോട് സംസാരിച്ചിരുന്നു. എന്നാൽ അവളുടെ കണ്ണുകളെടുക്കാനാവില്ല എന്ന് ഡോക്ടർ പറഞ്ഞു. അവൾ ചികിത്സയിലായിരുന്നു – ക്യാൻസർ ഉണ്ടായിരുന്നത്രെ' അതുകൂടി കേട്ടപ്പോൾ ഇരട്ടി ആഘാതമായി. ചില അസുഖങ്ങൾ ഉള്ളവരുടെ കണ്ണുകൾ എടുക്കില്ല പോലും... എന്റെ വിധി. നിമിഷങ്ങൾകൊണ്ട് മെനഞ്ഞുകൂട്ടുന്ന സ്വപ്നങ്ങൾക്ക് അത്രയും ആയുസ്സേയുള്ളൂ.

ബസ്സ് സ്റ്റാന്റിൽ നിന്ന ഞാൻ നീലയും വെള്ളയും ഉള്ള ചുരിദാറിട്ട പെൺകുട്ടി ബസ്സിൽ കയറുന്നത് നോക്കി നിന്നു. ആ ബസ്സിന്റെ മുൻപിൽ മുകൾ ഭാഗത്തായി പ്രതീക്ഷ എന്ന പേര് എഴുതിയിരിക്കുന്നു. ഒരു വേള ഞാൻ ആഗ്രഹിച്ചുപോയ ആ കണ്ണുകൾക്കുടമയുടെ പേരും 'പ്രതീക്ഷ' എന്നായിരുന്നു. ജീവിതത്തിലെ കനവുകൾ ചുവണിയാനുള്ള യാത്രക്കിടയിലെ ആളുകളുടെ കാത്തിരിപ്പിനിടയിലൂടെ ലോട്ടറി ടിക്കറ്റുകൾ നീട്ടിക്കൊണ്ട് ഞാൻ പതിയെ നടന്നു; എന്റെ പ്രതീക്ഷകളുമായി.



# നേത്രദാനം, മഹാദാനം

എൻ കണ്ണിലൂടെ കാണുന്നു ഈ പ്രപഞ്ചം
നിൻ കണ്ണിലൂടെ കാണുന്നു ഒരായിരം വർണ്ണങ്ങൾ
എൻ കണ്ണുകളിൽ സ്വപ്നങ്ങളില്ല
നിൻ കണ്ണിൽ സ്വപ്നം ചാലിച്ചെഴുതിയ
നൂറുവർണ്ണങ്ങളും,
നീ നിനക്കായ് തീർത്ത രൂപങ്ങളും
അന്ധകാരത്തിൻ മറനീക്കി നീയും കാണും
ഒരു നാൾ ഈ പ്രപഞ്ചം
നിനക്കും കാണാം എൻ നേത്രങ്ങളിലൂടെ
ഈ പ്രപഞ്ചം
നാളെ ഞാൻ വിടവാങ്ങുമ്പോൾ
ഈ കണ്ണുകൾ നിനക്കുള്ളതാണ്
ദാനമായല്ല നിന്റെ അവകാശമാണിത്
നിന്റെ സഹനത്തിനുള്ള പ്രതിഫലമാണിത്.

**അഞ്ജലി ചന്ദ്രൻ**
ഒപ്റ്റോമെട്രിസ്റ്റ്
സി.എച്ച്.സി എരുമപ്പെട്ടി, തൃശൂർ

# Nerkazhcha 2017

## Edamalakkudi Eye Camp

**Pradeepan Cheruvally**, Optometrist ,TH Kuttiady

Health care means a wide and intensive form of services, which will be related to well being of human beings. Good health is the key factor in leading a socially and economically productive life. The modern revolution brought enormous social changes that impacted on health and health care. To provide eye care service to a marginalised community our association conducts many programmes aiming tribal colonies and other places where health parameters are very poor. As a part of this policy, We submitted a detailed project report to director of health services and the camp were organized on this project in the different kudies of Edamalakkudi Panchayath with the endless support of Health Service Department. Optometrists from different areas actively participated in the mission. The aim of this project was to provide eye care service and blindness control Program in the backward classes of Edamalakkudi, diagnose and treat refractive errors by providing them with free spectacles, medicines and providing cataract surgery facilities with the help of Grama Panchayath. The project also aimed to ensure eye care awareness among them. The team members included Dr.Shaibak, Ophthalmlogist ,18 optometrists, 2 junior health Inspectors. The camp was organized for 5 days from 2017 May 16thto 20th.

All the team members reported at Munnar on 15/05/2017. Deputy Director and State program officer NPCB Dr.Krishnakumar, State ophthalmic coordinator Sabu.G, former state camp coordinator Mr.Krishnakumar, Mr.Anoop, also reached there for giving necessary guidelines for the participants. A meeting of all team members were held by Team leader Jayesh Thomson and project Officers Sri.Arun R J, Sri.Ajith M C explained the camp details, 5 days planning on travelling, accommodation, food, and precautions. Food and vegetables for 5days camp was collected from Munnar. All India Radio gave wide publicity in their news bulletin.

We woke up early and all team members reported near KDH club where jeeps were ready to pick us to the first camp site at Iddalippara. The first day started with a very gentle, but scenic hike through Munnar, Rajmala with many aspects of nature. At Rajmala Dr.Krishnakumar flagged off our journey. We got full of zeal and enthusiasm with their presence. By travelling 30kms from Munnar we reached Pettimudi from where the jeep journey became so difficult. The first camp site was 8kms from Pettimudi. we reached Iddalippara nearly about 3 pm. Camp was arranged within a library building. 80 people participated.

Our next day camp was at Societykudi which is 4kms away. As there is no vehicle service the team has to walk through forest where blood sucking leeches, and wild animals showed their active presence. At about 7 o' clock we reached Societykudi. Accommodation was arranged at family welfare sub-center and nearby school at Societykudi. We prepared food there. We have to stay here for two days where there is no electricity and modern ways of communication. At night all team members found time to evaluate the previous day camps and to make preparations for forthcoming camps.

The camp at society kudi was at Edamalakkudi Panchayath office. With the help of JHI Mr.Binukumar D.B. and JHI Mr. Sadeep. S of Devikulam PHC, the tribes from Andavankudi,Shedkudi,Societykudi,Kandathikudi were brought to the camp site. 126 patients attended the camp. We remained there in this kudi for the next day camp preparations.

For the third day we have to conduct camp at Malikudikudi,Irippukallukudi,Keezhvilayam parakudi and has to travel 17kms more to reach our last camp destination at Mulakutharakudi. Early morning we woke up, prepared food and all team members

ready for a horrible walk through dense forest. The panchayath staffs warned us of taking care on the way as there are wild animals wandering in the thick forest. After conducting camps at Malikudikudi and other kudies we reached Mulakutharakudi at 4 pm. All of us became so tired because of long journey and camps. Accommodation was arranged here in a Sathram and female members occupied nearby Anganwadi. Since all tribes are engaged in agriculture farming we have to conduct camp in the late hours. Camp ended at 8 pm. A total of 135 screened in the whole day.

Final day was arranged with camp at Mulakuthara. Some tribes from other kudies also reached there. Elder peoples of this kudi came there with so many visual problems and we found enough time to spend with them.

On the 5th day camp ended and it is time for us to return. We have to travel nearly 12kms to reach Valparai. The return journey was so tiresome as it includes crossing river, walking through steep portions of Ghats and met with many incidents of leech attack, presence of wild animals on the way. Reached Valparai at 2 pm. Our health service vehicle was waiting there. Days after we had a sight of a vehicle. Calm and silence of Edamalkkudi were broken in the alarming sound of Valparai.

On 19th evening we reached Munnar Accommodations arranged at KDH cottages. All found it easy to get a sound sleep. Next day morning it was time for us to recollect all datas, to make a beneficiary list of specs, cataract patients selected for surgery,patiens need follow-up. For contacting with St.Johns hospital Kattappana for doing cataract surgery the meeting authorised Arun RJ and Ajith MC. Afternoon we waved goodbye to Munnar. Finally the days was indeed well spent and days in the Edamalakkudi added memories to cherish for throughout life. The team energetically completed the project and no task was left undone.

**Camp summary**

| | |
|---|---|
| Total no. of patients | : 365 |
| Free specs | : 168 |
| Cataract cases | : 26 |
| Glaucoma | : 2 |
| Membranous Conjunctivitis: 1 | |

**വക്രദൃഷ്ടി** അജീഷ് കുമാർ, ഒപ്ടോമെട്രിസ്റ്റ്, THQH നീലേശ്വരം.



# മകൾ

ഡീനപ്രിയ
ഒപ്റ്റോമെട്രിസ്റ്റ്
ജില്ലാ ആശുപത്രി, മാനന്തവാടി



തീവണ്ടിയുടെ അവസാനത്തെ ബോഗിയും കണ്ണിൽ നിന്നു മാഞ്ഞു കഴിഞ്ഞു. രണ്ടാം നമ്പർ പ്ലാറ്റ്ഫോമിലെ തിരക്കൊഴിഞ്ഞിരിക്കുന്നു. യാത്ര അയയ്ക്കാനെത്തിയവർ ഓരോരുത്തരായി മടങ്ങുകയാണ്. ഇനി തനിച്ചുള്ള മടക്കയാത്ര ആരംഭിക്കാം. എന്നാൽ തിരിച്ചു പോയിട്ടെന്ത്? എന്ന ചോദ്യമാണ് മനസ്സു നിറയെ. സ്റ്റേഷനിലെ സിമന്റ് ബെഞ്ചിലേക്ക് വർമ്മ സാർ ചാഞ്ഞിരുന്നു. അൽപസമയത്തിന് മുൻപ് താനിവിടെ തനിച്ചല്ലായിരുന്നു അമ്മു-തന്റെ മകൾ-അവളും തന്നോടൊപ്പമുണ്ടായിരുന്നു അവൾ ഇപ്പോൾ എന്തു ചെയ്യുകയായിരിക്കും? അച്ഛനമ്മമാരെ കാണാനുള്ള തിടുക്കത്തിൽ തന്നെയും ലളിതടീച്ചറെയും മറന്നുകാണുമോ?

നഗരത്തിലെ പ്രസിദ്ധമായ കലാലയം തന്റെ ശിഷ്യൻ കൂടിയായ പ്രിൻസിപ്പൽ നിർബന്ധിച്ചപ്പോൾ അവിടുത്തെ യൂണിയൻ ഉദ്ഘാടനത്തിൽ സംബന്ധിക്കേണ്ടി വന്നു. റിട്ടയർമെന്റിനു ശേഷം ഏറെക്കാലമായി പൊതു പരിപാടികൾ തീരെ ഒഴിവാക്കിയതാണ്. സ്വയം നിർമ്മിച്ച തോടിനുള്ളിലേക്ക് വലിയാനുള്ള ശ്രമമായിരുന്നു മക്കളില്ലാത്തതിന്റെ ശൂന്യത കൂടുതലായി അനുഭവപ്പെടാൻ തുടങ്ങിയിരിക്കുന്നു ജോലിത്തിരക്കിനിടയിൽ സ്വകാര്യ ദു:ഖങ്ങൾക്ക് എന്നും അവധിയായിരുന്നല്ലോ. ലളിതയാണ് പരിപാടിയിൽ പങ്കെടുക്കാൻ ഏറെ നിർബന്ധിച്ചത്.

സദസ്സിന്റെ മുൻപന്തിയിലുണ്ടായിരുന്ന കൊച്ചു പാവാടക്കാരിയുടെ മുഖം എവിടെയോ കണ്ടിട്ടുള്ളതുപോലെ.... ഓർമ്മകൾക്ക് തെളിച്ചം കുറവായിരിക്കുന്നു. എല്ലാവരോടും യാത്ര പറഞ്ഞ് കാറിനടുത്തേക്ക് നടക്കുമ്പോൾ നേരത്തെ കണ്ട മുഖം അവിടെയുണ്ട്. അവൾ സ്വയം പരിചയപ്പെടുത്തിയപ്പോഴാണ് ആളെ മനസ്സിലായത്. തങ്ങൾ ഒറ്റപ്പാലത്ത് താമസിച്ചിരുന്നപ്പോൾ അടുത്ത വീട്ടിലുണ്ടായിരുന്ന കുഞ്ഞുടുപ്പുകാരിയാണ് തന്റെ മുമ്പിൽ നിൽക്കുന്നത്. അവൾക്ക് മാങ്ങ പറിച്ചു കൊടുക്കുന്നതും ഓലപ്പന്ത് ഉണ്ടാക്കിക്കൊടുക്കുന്നതും തനിക്കൊരു രസമായിരുന്നല്ലോ? നഗരത്തിൽ ചേക്കേറിയതിന് ശേഷവും ആ കുഞ്ഞുടുപ്പുകാരി ഓർമ്മയിലെത്താറുണ്ടായിരുന്നു

ലളിതയോടൊപ്പമാണ് അവൾ താമസിച്ചിരുന്ന ഹോസ്റ്റലിൽ എത്തിയത്. സ്വതവേ ഗൗരവക്കാരിയായ ടീച്ചറുടെ അപ്പോഴത്തെ മുഖഭാവം കണ്ടപ്പോൾ ഏറെ സന്തോഷം തോന്നി. ലളിതയാണ് അവളെ വീട്ടിൽ താമസിപ്പിക്കാമെന്ന് നിർദ്ദേശിച്ചത്. അവൾക്കും അത് ഏറെ സന്തോഷകരമായിരുന്നു. അവളുടെ വീട്ടുകാരെ പറഞ്ഞു സമ്മതിപ്പിക്കാനും ലളിതടീച്ചറായിരുന്നു മുൻപന്തിയിൽ ബൈബിളും ക്രിസ്തുവുമായി കഴിഞ്ഞിരുന്ന അവൾക്ക് ഗീതയുടെ അന്തരീക്ഷവുമായി പൊരുത്തപ്പെടാനാവുമോ എന്നതായിരുന്നു എന്റെ ഭയം. എന്നാൽ അത് അസ്ഥാനത്തായി.

സന്ധ്യാദീപം കൊളുത്തുന്നത് അവളുടെ ജോലിയായി മാറി. നിലവിളക്കിന് സമീപമിരുന്ന കൃഷ്ണനോട് ക്രൂശിത രൂപം കൂടുതൽ അടുത്തു. അവർക്കു ചാർത്താൻ മുല്ലമൊട്ടുകൾ കൊണ്ട് അവൾ മാല കെട്ടുമായിരുന്നു. കിടപ്പുമുറിയിലെ ശിവന്റെയും കൃഷ്ണന്റെയും മറിയത്തിന്റെയും രൂപങ്ങൾ തന്നോടൊപ്പം ചിരിക്കുന്നതുപോലെ തോന്നി.

അവൾ കോളേജിൽ നിന്ന് തിരിച്ചെത്താൻ വൈകിയാൽ ആധിയാണ്. തന്റെ വെപ്രാളം കണ്ട് ടീച്ചർ കളിയാക്കുമായിരുന്നു. എന്നാൽ അത് അവരുടെ വെപ്രാളം മറയ്ക്കാനുള്ള സൂത്രമാണെന്ന് മനസ്സിലായതായി താനൊരിക്കലും ഭാവിച്ചിരുന്നില്ല. റോഡു മുറിച്ചു കടക്കേണ്ടത് എങ്ങനെയെന്ന് ദിവസവും ക്ലാസ്സ് എടുത്തിരുന്നത് മറ്റാരുമല്ലല്ലോ?

സമയം തള്ളിനീക്കാൻ വിഷമിച്ചിരുന്ന എനിക്ക്, കാലം കടന്നുപോകുന്നത് അറിയാൻ പലപ്പോഴും കഴിഞ്ഞിരുന്നില്ല മൂന്നുവർഷം- അവ കടന്നുപോയത് വളരെ പെട്ടെന്നാണ്. സാർ എന്ന അവളുടെ വിളി അച്ഛൻ എന്നതാകാൻ ഏറെ കൊതിച്ചു.അവളും ആഗ്രഹിച്ചിരിക്കാം എന്തോ അവളങ്ങനെ വിളിച്ചില്ല. ഒരു പക്ഷേ താനും ലളിതയും എല്ലാവർക്കും സാറും ടീച്ചറും ആയതിനാലാകാം. എങ്കിലും അവളെന്നും തനിക്ക് മകളായിരുന്നു തന്റെ മാനസപുത്രി.

അവൾക്ക് തിരിച്ചുപോകേണ്ടി വരുമെന്നറിയാമായിരുന്നു. യാത്രയ്ക്ക് രണ്ടു ദിവസം മുൻപ് തങ്ങൾ അവളുമായി ഈ നഗരം മുഴുവൻ കറങ്ങി എല്ലാവരുടേയും മുൻപിൽ 'എന്റെ മകളാണിവൾ' എന്നു കാണിക്കാനുള്ള മനസ്സിന്റെ ആഗ്രഹമായിരുന്നില്ലേ അതിനു പിന്നിൽ? പിതൃക്കളുടെ ഛായാപടങ്ങൾ കാവൽ നിൽക്കുന്ന ഭക്ഷണമുറിയിൽ, ഒരേ മേശയ്ക്കു ചുറ്റുമിരുന്ന് ഭക്ഷണം കഴിക്കുമ്പോൾ എല്ലാം നേടിയെന്ന അഹങ്കാരമുണ്ടായിരുന്നോ മനസ്സിൽ?

ട്രെയിൻ അരമണിക്കൂർ ലേറ്റായിരുന്നു എല്ലാത്തിനും സമയനിഷ്ഠ വേണമെന്നു ശഠിക്കുന്ന തനിക്ക് ഇന്ന് ആദ്യമായി അൽപം ആശ്വാസമാണ് തോന്നിയത്. പൊട്ടിക്കരയുന്ന അവളെ എങ്ങനെ ആശ്വസിപ്പിക്കണമെന്നറിയുമായിരുന്നില്ല. എല്ലാം സഹിച്ചു.എങ്ങനെയൊക്കെയോ.

'സാറെങ്ങോട്ടാണ്?' തന്റെ പഴയ ശിഷ്യനാണ്. വർമ്മ സാർ ചാടിയെഴുന്നേറ്റു അയാളോട് കുശലം പറയാൻ ഒന്നുമുണ്ടായിരുന്നില്ല.വേഗം സ്റ്റേഷന് പുറത്ത് കടന്നു എവിടെയോ കളഞ്ഞുപോയ ഒരു കുഞ്ഞുടുപ്പിനായി പരതാൻ തുടങ്ങി

# DIAGNOSTIC OPHTHALMIC ULTRA SOUND

**Dr. MALLIKA O.U**
Professor
Department of Opthalmology
Govt. TD Medical College
Alappuzha

This painless, non invasive, dynamic examination can be performed in the clinic at the patient's bedside or in the operating room. It provides the Ophthalmologist with an instantaneous 'look' into an eye with opaque ocular media and can be an important adjunct in the differentiation and management of intraocular tumours, even when the media is clear.

INDICATIONS FOR OPTHALMIC ULTRASOUND

I. Opaque Ocular Media

Anterior segment

1. Corneal opacification
2. Anterior chamber hyphaema or hypopyon
3. Constricted pupil
4. Cataract

Posterior Segment

1. Vitreous haemorrhage or inflammation

II. Clear Ocular Media

Anterior Segment

1. Iris Lesions
2. Ciliary body Lesions

Posterior Segments

1. Tumours and masses
2. Retinal detachment
3. Intraocular foreign bodies
4. Optic disc abnormalities

III. Follow up Studies

Biometry

1. Axial Length
2. Anterior Chamber depth
3. Lens thickness
4. Tumour measurement

For diagnostic ophthalmic ultrasound the frequency used is 8 to 10MHz- The basis of the system is the piezo -electric material ( eq. quartz crystal) that is located near the tip of the transducer.

The ultrasound instruments used most commonly in Ophthalmology are the A scan and the B –Scan

A SCAN : A scan is a one dimensional acoustic display in which echoes are represented as vertical spikes from a baseline




B-SCAN : B Scan differs from A Scan in that it produces a two dimensional acoustic section (such as a photograph) by using both the vertical and horizontal dimensions of the screen to indicate configuration and location.

The optimal ultrasound examination results from the appropriate combination of both modalities

(Picture of types of Echoes: Point Like (vitreous haemorrhage) membrane like(Retinal detachment) mass like(choroidal melanoma)

All B-Scan probes contain a transducer that moves rapidly back and forth near the tip. Each probe has a marker (eg. Dot or line) that indicates the side of the probe that is represented on the upper portion of the B-scan screen. In practice the echographer applies methyl cellulose to the probe face as coupling medium. The three basic probe orientations that are used to evaluate intra ocular lesions are transverse, longitudinal and axial. The transverse and longitudinal scans are used most commonly because in this the sound beams by-passes the lens allowing better sound penetration.

These scans are performed with the patient's gaze directed away from the probe, toward the meridian being examined in the axial scan the probe is placed in the centre, while patient fixates in primary gaze. It displays the lens and optic nerve in the centre of the echogram.

EVALUATION OF POSTERIOR SEGMENT

Vitreo retinal conditions all the most common indication for echography of posterior segment. The evaluation should include an assessment of the following; vitreous body posterior hyaloid, subvitreal space, retina, choroid, sclera and optic disc

I. VITREOUS BODY

The vitreous cavity should be evaluated for the presence of opacities, bands and membranes

Normal vitreous: No Echoes are produced by the clear, jelly like vitreous body,

Asteroid hyalosis : Calcium soaps produce bright point like echo sources on B-Scan that may be diffuse or focal. It is important to recognize that there is normally an area or clear vitreous between the posterior boundary of the opacities and the posterior hyaloids. On A-scan the calcium soaps produce medium to high reflective spikes that move with the vitreous gel






Vitreous haemorrhage: In fresh mild vitreous haemorrhage, dots and short lines are displayed on B- Scan and a chain of low amplitude to spike is found on A-Scan. The more dense the haemorrhage, the more opacities are seen on B-Scan and the higher is their reflectivity as A-scan

Posterior vitreous detachment- Reflectivity is low with PVD than Retinal detachment (RD) Kinetic echography typically shows a very fluid, undilating after movement on B-Scan, which normally allows the PVD to be distinguished from the less mobile retinal and choroidal detachments.

II.RETINA

Echography is most important in evaluating the status of the retina in opaque media. Retinal tears, retinal detachment, retinoschisis and many other disorders can be accurately characterized.

RETINAL DETACHMENT: Retinal detachment typically produces a bright, continuous, normally somewhat folded membrane on B-scan when total or extensive, the detached retina inserts into both the optic disc and the ora serrata. On A scan a 100% tall spike is produced. Retinal detachment exhibits a more tethered, restricted after-movement than does the highly mobile PVD. Configuration of the RD May vary from a very shallow, flat and smooth membrane to a bullous, folded and funnel shaped membrane. The funnel -shaped detachment may be open or closed and may be concave, triangular or T-Shaped. Detachments that are triangular or T-Shapcd or have fixed folds indicate proliferative vitreoretinopathy (PVR) in which there is high chance of failure during RD Surgery.

DIABETIC RETINOPATHY- Ultrasonography helps to detect the nature and extent of abnormalities like fractional retinal detachment in patients with diabetic vitreous haemorrhage. It also helps to assess the macula also. It is useful for monitoring the progression of the disease, helps to determine the timing of surgery, the optimal placement of the instrument and the visual progression

III. CHOROID

Choroidal Detachment : On B-Scan choroidal detachment typically presents as a smooth, thick dome shaped membrane on the periphery, with little after movement on kinetic evaluation (on moving the patient's eye) Large bullous detachment are caked kissing choroidals.

IV. CILIARY BODY : This region is more difficult to assess than the retino-choroid layer because of its extreme anterior location and irregular surface contour

V.SCLERA : Scleral thickening may be detected in both normal and abnormal conditions. Very small hyperopic globes or eyes that are nanophthalmic

may have extremely thick sclera, especially posteriorly. sclera thickness unusually symmetric in eyes of these patients

TRAUMA:

An open wound should be sutured before ultrasonography. It helps to diagnose subluxation or dislocation of lens, vitreous haemorrhage, retinal tears, posterior vitreous detachments, retinal dialysis etc. B-Scan helps to detent posterior scleral ruptures that may be difficult to detect clinically. These patients may present with marked haemorrhagic chemosis even though there are no external signs of sclera rupture. In penetrating injury ultrasonography helps to find out type of injury to lens, presence of vitreous haemorrhage, retinal detachments.

INTROAOCULAR FOREIGN BODIES:

They are in most instances readily detectable with echography on B-Scan. A typical metallic foreign body produces a very bright signal that persists low sensitivity settings. In addition, there is normally marked shadowing of the ocular and orbital structures just posterior to the foreign body. Air bubbles entered during injury may mimic foreign bodies. On B-Scan, the true foreign body echo varies in brightness and size and on A-scan its spike varies in height and width, depending on the sound beam direction employed. Moreover, true foreign bodies generally remain in one position, even when head or body position changed.

Conversely, air bubbles, because they are spherical and smooth, produce echoes of similar appearance when evaluated from different sound beam orientations. Since they are normally found in the vitreous cavity and are lighter than vitreous, they tend to float opposite to the direction of head tilt. If the diagnosis is uncertain follow up examination in a day or two may be of great help since small air bubbles usually disappear within this period.

ENDOPHTHALMITIS

On A scan moderately severe endophthalmitis normally produces a chain of low amplitude spikes from the vitreous cavity. On B-Scan the opacities are represented by diffuse fine dots in the echogram. If the opacities are secondary to an anterior locus of infection, they are normally denser anteriorly than posterior.

EXPULSIVE HAEMORRHAGE

One of the most devastating complications of intraocular surgery is expulsive haemorrhage. In this massive subchoroiodal haemorrhages often totally fill the vitreous cavity. On B-Scan large haemorrhagic kissing choroidals appears as dome shaped membrane adhere to one another in a broad manner in the centre portion of the eye.

LENS MATERIAL : Lens nucleus or IOL dislocated posteriorly during surgery or trauma can be identified using ultra sonography. Intraocular lens appears as a large, foreign body like structure in the vitreous cavity

INTRAOCULAR TUMOURS: Standardized echography has become extremely important in the detection differentiation and measurement of intraocular tumour both in clear media and opaque media. This method provides the accurate measurement of the tumour height and is thus valuable for monitoring tumour growth or regression, and is useful in detecting extra extension of choridal melanoma

OCULAR MELANOMA: Certain key acoustrioc criteria are used to make the echographic diagnosis of choroidal melanoma .These include (l)collar button or mushroom shape on B -Scan 2. Solid consistency (3) regular internal structure (4) low to medium reflectivity (5) Internal vascularity. On B- Scan the sound attention is indicated by acoustic hollowing

